**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1256** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കോളേജ് വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥിനികൾക്കായുള്ള Indira Guarantee പദ്ധതി, Kerala Knowledge Valley, ട്രൈബൽ സർവ്വകലാശാല , ജവഹർലാൽ നെഹ്റു സയന്റിഫിക് സിറ്റി, Global Job Watch Tower, Kerala Unified Universities Act, Kerala Doctoral Research Fellow Project, Faculty Start-ups & Consultancies, Industry on Campus – Earn and Learn, Kerala AI Research Centre (KAIRC), Mission AI Guru, ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഐ.ടി. & ഡിജിറ്റൈസേഷൻ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**(ബി)** കോളേജ് വിദ്യാർഥിനികൾക്ക് 1000 രൂപ സ്കോളർഷിപ്പ് നൽകാനുള്ള പദ്ധതി ഈ അധ്യായന വർഷം തന്നെ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം ₹1000 സ്റ്റൈപ്പൻഡ് നൽകുന്ന ഇന്ദിരാ ഗ്യാരന്റി പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയും നടപടിക്രമങ്ങളും അന്തിമമാക്കുന്ന ഘട്ടത്തിലാണിപ്പോൾ.

**(സി)** നാലുവർഷ ബിരുദ പ്രോഗ്രാമുകൾ സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിക്കുമോയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ നടത്തിപ്പും തുടർ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർവകലാശാലകളുടെയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സഹകരണത്തോടെ വിലയിരുത്തിവരികയാണ്. നാലുവർഷ ബിരുദ പ്രോഗ്രാമുകളെ കൂടുതൽ ഫലപ്രദവും കാലാനുസൃതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**